

**മത്സ്യം ചോദ്യം ഉത്തരം**

ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ,
കൊച്ചി. ഇ മെയിൽ: kvkernakulam@yahoo.co.in

# കരിമീൻവിത്ത് ഉൽപാദനം

*? എന്റെ പുരയിടത്തിൽ 55 മീറ്റർ നീളവും 3 മീറ്റർ വീതിയുമുള്ള തോട് ഇരുവശത്തും കല്ലുകെട്ടി 4 കള്ളികളായി തിരിച്ച് അതിൽ കരിമീൻ, തിലാപ്പിയ മീനുകളെ വളർത്തുന്നു. ഓരുവെള്ളം കയറുന്ന വേലിയേറ്റ-ഇറക്കമുള്ള തോടാണ്. മീൻകുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഒന്നര വർഷത്തോളമായി. തിലാപ്പിയയ്ക്കു കുഞ്ഞുങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും കരിമീനിന് ഇതുവരെ കുഞ്ഞുങ്ങളുണ്ടായിക്കണ്ടില്ല. എന്താണ് ഇനി ചെയ്യേണ്ടത്.*

**സി. രവീന്ദ്രൻ നായർ, പറവൂർ**

● ഈ കുളത്തിൽ കരിമീൻ വിത്തുൽപാദനം നടത്തുന്നതിനുവേണ്ട ചില സാഹചര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. തയാറെടുപ്പ് ആരംഭിക്കേണ്ടത് ഈ മാസത്തിന്റെ അവസാനത്തോടെയാണ്. നിലവിലുള്ള എല്ലാ മത്സ്യങ്ങളെയും പിടിച്ചു മാറ്റണം. തുടർന്ന് കുളം വറ്റിച്ച് ജൈവ കള-കീടനാശിനിയായ ടീ സീഡ് കേക്ക് മിശ്രിതം സെന്റൊന്നിന് 200 ഗ്രാം എന്ന തോതിൽ പ്രയോഗിച്ച് ഇതിലെ എല്ലാ കളമത്സ്യങ്ങളെയും നശിപ്പിക്കണം. തുടർന്ന് ജലത്തിന്റെ പിഎച്ച് മൂല്യം ക്രമീകരിക്കുന്നതിനും കുളത്തിന്റെ അടിത്തട്ട് അണുനശീകരണം നടത്തുന്നതിനും പ്ലവകങ്ങളുടെ ഉൽപാദനം കൂട്ടുന്നതിനും സെന്റ് ഒന്നിന് 2 കിലോ എന്ന തോതിൽ കുമ്മായം പ്രയോഗിക്കണം. കുളത്തിന്റെ അടിത്തട്ടിൽ എല്ലാ ഭാഗത്തും വീഴത്തക്ക രീതിയിൽ വേണം കുമ്മായപ്രയോഗം. ശേഷം പുതിയ വെള്ളം കുളത്തിലേക്ക് അരിച്ചുകയറ്റി പ്ലവകങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് സെന്റ് ഒന്നിന് ഉണങ്ങിയ ചാണകം 4 കിലോ, കപ്പലണ്ടിപ്പിണ്ണാക്ക് 300 ഗ്രാം എന്നീ തോതിൽ വെള്ളത്തിൽ കലക്കി ചാറെടുത്ത് കുളത്തിൽ ഒഴിക്കണം.

കുളത്തിന്റെ അരികുവശങ്ങളിൽ 4 അടി നീളത്തിലുള്ള മുളക്കമ്പുകൾ ഉറപ്പിച്ചുവയ്ക്കണം. കരിമീനുകൾക്ക് മുട്ടിടുന്നതിനാണിത്. 7 ദിവസത്തിനുശേഷം 150 ഗ്രാം വലുപ്പമുള്ള 20 തള്ളകരിമീനുകളെ കുളത്തിൽ നിക്ഷേപിക്കണം. കുളത്തിനു മുകളിൽ വല വിരിക്കണം. പക്ഷികളുടെ ആക്രമണം തടയാനാണിത്. ഒരു മാസത്തിനുള്ളിൽ ഇതിൽ കരിമീൻ മുട്ടയിട്ട് കുഞ്ഞുങ്ങളെ ഉൽപാദിക്കുന്നതു കാണാം. കുഞ്ഞുങ്ങൾക്ക് പൊടിരൂപത്തിലുള്ള തിരിത്തീറ്റ നൽകണം.

കരിമീൻ വിത്തുൽപാദനത്തിൽ എറണാകുളം കൃഷിവിജ്ഞാനകേന്ദ്രം പരിശീലനം നൽകുന്നുണ്ട്.



മത്സ്യക്കൃഷിയിലെ സംശയങ്ങൾ അയയ്ക്കേണ്ട വിലാസം:

പത്രാധിപർ,
കർഷകശ്രീ,
മലയാള മനോരമ,
കോട്ടയം 1.
ഇ മെയിൽ:
karsha@mm.co.in